## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*99 | 11/06/2019 ൽ മറുപടിക്ക്

### കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിന് പാക്കേജ്

**ചോദ്യം**

ശ്രീ. എൻ. വിജയൻ പിള്ള
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. സജി ചെറിയാൻ
ശ്രീ. എം. മുകേഷ്

**ഉത്തരം**

ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ നയങ്ങളും ബാങ്കുകളുടെ നിഷേധാത്മക നിലപാടും മുൻ സർക്കാരിന്റെ നിസ്സംഗതയും കൊണ്ട് പ്രതിസന്ധിയിലായിരുന്ന കശുവണ്ടി വ്യവസായം പുനരുദ്ധരിക്കാനായി പ്രാവർത്തികമാക്കിയ പാക്കേജിന്റെ വിശദാംശം അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ മുഴുവൻ പൊതുമേഖലാഫാക്ടറികളും ഭൂരിപക്ഷം സ്വകാര്യ ഫാക്ടറികളും പ്രവർത്തന രഹിതമായിരുന്നു. പൊതുമേഖലയിലുള്ള എല്ലാ കശുവണ്ടി ഫാക്ടറികളും 2016 ഓണത്തിനുമുൻപ് തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട്.<br>കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയവും ബാങ്കുകളുടെ നിഷേധാത്മക നിലപാടും കാരണം കടക്കെണിയിലായ സ്വകാര്യ ഫാക്ടറികളെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയടക്കം നടത്തിയ ആറോളം മീറ്റിംഗുകളുടെയും നിരന്തര പരിശ്രമങ്ങളുടെയും ഫലമായി വ്യവസായികൾ സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് എസ്.എൽ.ബി.സി, ബന്ധപ്പെട്ട ബാങ്ക്, സർക്കാർ പ്രതിനിധി എന്നിവരടങ്ങിയ കമ്മിറ്റി പരിശോധിച്ച് അധിക വായ്പ നൽകിയാൽ പ്രവർത്തനം ആരംഭിക്കാവുന്ന വ്യവസായങ്ങളെയും വായ്പ പുനക്രമീകരിച്ച് വീണ്ടും പ്രവർത്തിപ്പിക്കാവുന്ന ഫാക്ടറികളെയും ഒറ്റത്തവണ തീർപ്പാക്കൽ മാത്രം പരിഹാരമായിട്ടുള്ള ഫാക്ടറികളെയും സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ അസറ്റ് റീസ്ട്രക്ച്ചറിങ്ങ് കമ്മിറ്റിക്ക് കൈമാറിയ |

| | | | |
|---|---|---|---|
| | | | വ്യവസായങ്ങളെയും കണ്ടെത്തുകയും 06/02/2019-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ഈ വ്യവസായങ്ങളെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.<br><br>1. സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കും.<br>2. കശുവണ്ടി വ്യവസായത്തിലെ വായ്പയുടെ പലിശ എല്ലാ ബാങ്കുകളും ഏകീകരിച്ച 9 % ആയി നിശ്ചയിക്കും.<br>3. പിഴ പ്പലിശ ഒഴിവാക്കി നിശ്ചയിക്കുന്ന വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കി ഗഡുക്കളാക്കി നിശ്ചയിക്കും.<br>4. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേക്ക് ഗവൺമെന്റ് ഏറ്റെടുക്കും.<br>5. പാക്കേജിൽ പെട്ട വ്യവസായികളുടെ സംസ്ഥാന സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി ബാധ്യതയ്ക്ക് ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിക്കും.<br>6. സർക്കാർ നിശ്ചയിച്ച കമ്മിറ്റി മുഖാന്തിരം പുനരുദ്ധാരണം പ്രപ്പോസൽ സമർപ്പിക്കാൻ വിട്ടുപോയ വ്യവസായികൾക്ക് ഒരവസരം കൂടി നൽകും. അതിന് ഒരാഴ്ചത്തെ സമയം അനുവദിച്ചു.<br>7. കേന്ദ്ര നികുതികളിന്മേൽ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കും.<br>8. കേരളാ കാഷ്യൂ ബോർഡ് വ്യവസായത്തിനാവശ്യമായ തോട്ടണ്ടി എസ്ക്രൂ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും.<br>9. ആസ്തി പുനരുദ്ധാരണ കമ്മിറ്റിക്ക് |

കൈമാറിയ വ്യവസായങ്ങളുടെ കാര്യത്തിൽ ബാങ്കുകൾ പുനഃപരിശോധന നടത്തണമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

10. ഒറ്റത്തവണത്തീർപ്പാക്കാൻ നിശ്ചയിച്ച 58 ഫാക്ടറികൾ പരമാവധി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും.

11. ഫെബ്രുവരി 28 ന് മുൻപ് 50 സ്വകാര്യ വ്യവസായങ്ങൾക്ക് പ്രവർത്തന മൂലധനമായി വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

12. ബാക്കിയുള്ള വ്യവസായങ്ങൾക്ക് മാർച്ച് 15 നകം വായ്പ ലഭ്യമാക്കും.

ഇതിന്റെ തുടർച്ചയായി 26/02/2019-ൽ കൊല്ലത്തുവച്ച് 30 സ്വകാര്യ ഫാക്ടറികൾക്ക് വിവിധ ബാങ്കുകൾ വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതി പത്രങ്ങൾ വിതരണം ചെയ്യുകയുണ്ടായി. ടി ഫാക്ടറികൾക്കും മറ്റു ഫാക്ടറികൾക്കും ആവശ്യമായ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബാങ്കുകൾ സ്വീകരിച്ചു വരികയാണ്. കൂടാതെ മൂന്നംഗ കമ്മിറ്റി വീണ്ടും കൂടുകയും ബാക്കിയുള്ള വ്യവസായങ്ങളെ കേൾക്കുകയും ചെയ്തിട്ടുണ്ട്. എടുത്ത തീരുമാനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം 14/06/2019-ൽ വീണ്ടും വിളിച്ചുചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

സ്വകാര്യ കശുവണ്ടി വ്യവസായത്തിനുൾപ്പെടെ ന്യായ വിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കുന്നതിനായി 2017 ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് പൊതുമേഖലാ വ്യവസായങ്ങൾക്കാവശ്യമായ തോട്ടണ്ടി ലഭ്യമാക്കി വരുന്നു. പുനരുദ്ധരിക്കപ്പെടുന്ന സ്വകാര്യവ്യവസായത്തിനും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് പ്രാപ്തി കൈവരിച്ചിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷനും കാപെക്സിനും

| | | | |
|---|---|---|---|
| | | | നവംബർ/ഡിസംബർ മാസം വരെ തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് മുഖാന്തിരം ഇതിനകം സ്റ്റോക്ക് ചെയ്ത് കഴിഞ്ഞു. അതിനുപുറമേ കേരളത്തിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നുള്ള തോട്ടണ്ടിയും കാഷ്യൂ കോർപ്പറേഷനും കാപെക്സും 2017 മുതൽ ശേഖരിച്ചു വരുന്നു. |
| (ബി) | അടഞ്ഞുകിടന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും ആവശ്യമായ ഇടപെടൽ ഉണ്ടായിട്ടും അതിനെതിരായ നിലപാട് തുടരുന്ന മുതലാളിമാരുടെ ഫാക്ടറികൾ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | സ്വകാര്യ മേഖലയിലുൾപ്പെടെയുള്ള ഫാക്ടറികൾക്ക് ആവശ്യാനുസരണം തോട്ടണ്ടി യഥാസമയം ലഭ്യമാക്കാനായി രൂപീകരിച്ച കാഷ്യൂ ബോർഡിനെ നിർവീര്യമാക്കി തകർക്കുവാൻ, കശുവണ്ടി പരിപ്പ് ഇറക്കുമതി ചെയ്ത് മറിച്ചുവിറ്റ് വൻ ലാഭമുണ്ടാക്കുന്ന സംഘം നടത്തുന്ന ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് മുഖാന്തിരം തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ നൽകുന്നതിനാവശ്യമുള്ള തോട്ടണ്ടി കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കിയതിനെ തുടർന്ന് കേരള കാഷ്യൂ ബോർഡിനെതിരെ ചില മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരണം അഴിച്ചു വിടുന്നതിന്റെ പിന്നിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന നിക്ഷിപ്ത താൽപ്പര്യക്കാരുണ്ടെന്നാണ് മനസിലാക്കുവാൻ സാധിക്കുന്നത്. |

സെക്ഷൻ ഓഫീസർ